വഞ്ചി പൂവർ ഫണ്ടിന്റെ മൂലധനമെത്രയാണു്; വർഷംപ്രതി എത്ര സംഖ്യ അതിൽ ചിലവുവയ്ക്കുന്നുണ്ടു്; ഏതെല്ലാം വിഷയങ്ങൾക്കു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

രൂപാ ഫ,ഫ ന്യ,ര ഉ ഫ. വർഷംപ്രതി ഏകദേശം രൂപാ വ0,000 ചിലവുണ്ടു്. ഈ ചിലവു മൂലധനത്തിന്റെ പലിശയിൽനിന്നും മറ്റു സഹായധനത്തിൽനിന്നും തുണു് ചിലവാക്കുന്നതു്. പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികളുടെ ഭക്ഷണത്തിനായിട്ടും, ശ്രീചിത്തിര ഹോം, ഉള്ളൂർ ധർമ്മശാല ഇവയിൽ താമസിക്കുന്ന അഗതികളുടെ ആഹാരത്തിനായിട്ടും ചിലവു ചെയ്യുന്നു.

ഭവനനിർമ്മാണം

*ന.ന ഉ. (ഉ വ) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മത്സ്യത്തൊഴിലാളികളായ കടൽത്തീരനിവാസികൾക്കായിമാത്രം എത്ര വീടുകൾ ഇതേവരെ പണിതുകൊടുത്തിട്ടുണ്ടു്;

(ബി) കൊച്ചി മുതൽ ചേർത്തലവരെയുള്ള കടൽത്തീരങ്ങളിൽ എത്ര ഭവനങ്ങൾ പണിതു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫ ഉ വീടുകൾ.

(ബി) കൊച്ചി മുതൽ ചേർത്തലവരെയുള്ള കടൽത്തീരങ്ങളിൽ വീടുകൾ കെട്ടിയിട്ടില്ല. എന്നാൽ തേവരയിൽ ഫ ര വീടുകൾ മത്സ്യത്തൊഴിലാളികൾക്കു് കൊടുക്കുവാനായിട്ടു കെട്ടിയിട്ടുണ്ടു്.

ഭവനനിർമ്മാണപദ്ധതി

*ന.ന വ്യ. (ഉ ന്) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

ഭവനനിർമ്മാണപദ്ധതിക്കു് കൊള്ളിച്ചു സംഖ്യയിൽ എത്രാമംഭാഗം അടുത്ത ബഡ്ജറ്റിലേക്കു് നീക്കിവയ്ക്കാൻ കാരണമെന്താണു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഫൻ ര ൻ— ഉ 0-ലെ ബഡ്ജറ്റിൽ ഭവനനിർമ്മാണപദ്ധതിക്കുവേണ്ടി കൊള്ളിച്ചു തുകയിൽ ചിലവായതു കഴിച്ചു ബാക്കിയുള്ള തുകയെ ഫൻ ഉ 0— ഉഫ-ലെബഡ്ജറ്റിലേക്കു് നീക്കിവച്ചിട്ടുണ്ടു്. അതിനുള്ള കാരണം ഇപ്രകാരമാണു്. ഈ പദ്ധതിയനുസരിച്ചു ഫൻ ര ൻ— ഉ 0-ൽ കെട്ടിത്തീർക്കേണ്ട വീടുകളുടെ പണി ആരംഭിച്ചതു് ഫൻ ഉ 0 ഫെബ്രുവരിമാസം മദ്ധ്യത്തിൽ മാത്രമായിരുന്നു. വീടുകൾ പണിയിക്കുന്ന ചുമതലയേറ്റിട്ടുള്ള സ്ഥാപനങ്ങൾക്കു് അതു സംബന്ധിച്ചുള്ള തുകകൾ നൽകുന്നതു് ജോലിയുടെ പുരോഗതിയെ ആശ്രയിച്ചായിരിക്കും. ആ സ്ഥിതിക്കു പൂർത്തിയായിട്ടുള്ള വീടുകൾക്കായും, പൂർത്തിയാക്കാനുള്ള വീടുകളിൽ ചെയ്തുതീർത്തിട്ടുള്ള ജോലികൾക്കായും ഫൻ ര ൻ—ഉ 0-ലെ ബഡ്ജറ്റു സംഖ്യയിൽനിന്നും കൊടുത്തുതീർക്കേണ്ട തുകകൾ ഫൻ ഉ 0 മാർച്ചു മാസം കഴിഞ്ഞതിനു് ശേഷം മാത്രമെ കൊടുക്കുവാൻ സാധിച്ചുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly